കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. അതോടൊപ്പം വീട് അനുവദിക്കേണ്ടവരുടെ പേരുൾപ്പെടെ രജിസ്റ്ററും കൈമാറിയിട്ടുണ്ട്. ബോർഡ് നേരത്തെ അയച്ചുകൊടുത്ത വീട് അനുവദിക്കേണ്ടവരുടെ ലിസ്റ്റ് രജിസ്റ്ററുമായി പരിശോധിച്ചതിൽ ചില അപാകതകൾ കണ്ടെത്തിയിട്ടുണ്ട്. അതു പരിഹരിച്ച് വീട് അലോട്ടു ചെയ്യുവാൻ ഇതുവരെ സാധിച്ചിട്ടില്ല. കൂടാതെ പലരേയും ഒഴിവാക്കി എന്ന് ആവലാതിപ്പെട്ടുകൊണ്ടുള്ള ധാരാളം പരാതികളും കോർപ്പറേഷന് ലഭിച്ചിട്ട് ഇതെല്ലാം പരിഹരിച്ച് വീട് അനുവദിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

(ബി) ഇതിന്റെ അടുത്ത ഘട്ടം പണി ആരംഭിക്കേണ്ടത് തിരുവനന്തപുരം കോർപ്പറേഷനാണ്. ടി പണി സമയബന്ധിതമായി ചെയ്തു തീർക്കുവാൻ കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്.

119 (620) ജനകീയാസൂത്രണ പദ്ധതികളുടെ നടത്തിപ്പ്

ശ്രീ. കെ. ബാബു :
ശ്രീ. പി.ജെ. ജോയി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നുവർഷം പിന്നിട്ടിട്ടും ജനകീയാസൂത്രണ പദ്ധതികളുടെ നടത്തിപ്പ് പൂർണ്ണതയിൽ എത്തിക്കാൻ ആയിട്ടില്ലെന്ന ആരോപണം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പദ്ധതിക്ക് നീക്കി വച്ച തുകയുടെ ഭൂരിഭാഗവും നീട്ടിക്കൊടുത്ത കാലാവധിക്കുള്ളിൽ ചെലവിടാൻ കഴിഞ്ഞിട്ടില്ലെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ചെലവു ചെയ്ത തുകയുടെ നല്ല ഭാഗവും പ്രത്യുൽപ്പാദനപരം അല്ലാത്ത മേഖലകൾക്കാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പി.ഡി. അക്കൗണ്ടുകളിൽ നിക്ഷേപിച്ച് ഈ തുക പദ്ധതിക്ക് ചെലവായതായി കണക്കിൽപ്പെടുത്തിയതിനെക്കുറിച്ച് ഗവൺമെന്റിന്റെ അഭിപ്രായമെന്താണ്;

(ഇ) ഓരോ ചെറിയ പദ്ധതിക്കും വേണ്ടി ചെലവാക്കിയതിനേക്കാൾ കൂടിയ തുക തറക്കല്ലിടൽ, പബ്ലിസിറ്റി, ഉദ്ഘാടനം എന്നിവയ്ക്കായി ചെലവിട്ടിട്ടുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(എഫ്) എക്സ്പെർട്ട് കമ്മിറ്റികളെ പിരിച്ചുവിടുന്ന കാര്യത്തിൽ ഗവൺമെന്റ് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) 1998-99-ലെ പദ്ധതി നിർവഹണ കാലാവധി നീട്ടിക്കൊടുത്തിട്ടില്ല. 1997-98-ൽ പദ്ധതി നിർവഹണ കാലാവധി 30.6.1998 വരെ ദീർഘിപ്പിച്ചു നൽകിയപ്പോൾ 90 ശതമാനത്തിലധികം തുക ചെലവഴിച്ചിട്ടുണ്ട്.

(സി) ഇല്ല. സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായാണ് മേഖലാ വിഭജനവും തുക വിനിയോഗിക്കലും നടത്തിയിട്ടുള്ളത്.

207/2010.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി അപ്രകാരം ചെയ്ത തുക പദ്ധതി ചെലവിൽപ്പെടുത്തിയിട്ടില്ല. അവ അടുത്ത വർഷത്തെ പദ്ധതിവിഹിതത്തിൽ കുറവു ചെയ്യുന്നുണ്ട്.

(ഇ) ഇത്തരത്തിലുള്ള ആരോപണങ്ങളോ ക്രമക്കേടുകളോ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) ഇല്ല.

120 (621) തദ്ദേശസ്വയംഭരണ വകുപ്പിൽ കമ്പ്യൂട്ടർ വൽക്കരണം

ശ്രീ. ആന്റണി രാജു :

ശ്രീ. പി.സി. ജോർജ്ജ് :

ശ്രീ. മോൻസ് ജോസഫ് :

ഡോ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണത്തിന് ഉദ്ദേശിക്കുന്നുണ്ടോ എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(സി) പഞ്ചായത്തുകളിൽ ഇൻഫർമേഷൻ ടെക്നോളജി കിയോസ്ക് സ്ഥാപിക്കുവാൻ പദ്ധതിയുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) ഇതുമൂലം ജനങ്ങൾക്ക് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന നേട്ടങ്ങൾ എന്തൊക്കെയാണ്?

ഉത്തരം

(എ) ഉണ്ട്. തദ്ദേശ ഭരണ വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണത്തിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

(ബി) പ്രാരംഭ ഘട്ടത്തിലാണ്.

(സി) ഉണ്ട്. എല്ലാ പഞ്ചായത്തുകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഇന്റർനെറ്റ് പദ്ധതിക്ക് ആരംഭം കുറിച്ചിട്ടുണ്ട്.

(ഡി) ഘട്ടംഘട്ടമായി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഇ) വിവര സാങ്കേതികവിദ്യയുടെ പ്രയോജനം ഗ്രാമപ്രദേശങ്ങളിൽ എത്തിക്കുന്നതിനും പൊതുജനങ്ങളുടെ പരാതികൾക്ക് തീർപ്പു കൽപ്പിക്കാനുള്ള കാലതാമസം ഒഴിവാക്കാനും സാധിക്കുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly